"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തിരവനന്തപുരം, കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള, വെള്ളല്ലൂർ വി.യു.പി.എസ്-ലെ പാർട്ട് ടൈം ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി. ആൽഫിയ എസ്.എൻ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3975/2026/GEDN തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:-

1. ശ്രീമതി. ആൽഫിയ എസ്.എൻ സമർപ്പിച്ച 19.02.2026-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.04.2026-ലെ F1/5031/2026/DGE നമ്പർ കത്ത്.
3. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.04.2026-ലെ DEOATL/511/2026-B1 നമ്പർ കത്ത്.
4. കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.04.2026-ലെ AEOKMR/113/2026-C നമ്പർ കത്ത്.

**ഉത്തരവ്**

കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള വെള്ളല്ലൂർ വി.യു.പി.എസിലെ പാർട്ട് ടൈം ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി.അൽഫിയ. എസ്. എൻ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരിയുടെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 20.04.2026 ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി. ഹിയറിംഗിൽ മാനേജർ പങ്കെടുക്കുകയോ വാദമുഖങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

2) **നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.**

i) കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അധികാര പരിധിയിൽ വരുന്ന വെള്ളല്ലൂർ വി.യു.പി.എസിൽ 2023-24 വർഷം അനുവദിച്ച അധിക ജൂനിയർ അറബിക് പാർട്ട് ടൈം തസ്തികയിൽ ശ്രീമതി.അൽഫിയ. എസ്. എൻ. എന്ന ഈ പരാതികാരിയെ മാനേജർ ജൂനിയർ പാർട്ട് ടൈം അറബി അദ്ധ്യാപികയായി 03-10-2023 മുതൽ നിയമിച്ചു. നിയമനാംഗീകാരത്തിനായി കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിച്ച പ്രപ്പോസൽ പരിശോധിച്ച് 2019-20 വർഷത്തിനുശേഷം ഉണ്ടായ അധിക തസ്തികയിലെ നിയമനാംഗീകാര നടപടികൾ സംബന്ധിച്ച് ഉത്തരവുകൾ ഒന്നും സർക്കാരിൽ നിന്ന്

ഉണ്ടായിട്ടില്ല എന്ന കാരണത്താൽ നിയമനാംഗീകാരം നിരസിച്ചു. ഉപ ജില്ല വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവനെതിരെ മാനേജർ ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിച്ച അപ്പീലും ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷന് സമർപ്പിച്ച റിവിഷൻ ഹർജിയും പരിശോധിച്ച് ശ്രീമതി.അൽഫിയയുടെ നിയമനത്തിൽ 1:1 അനുപാതം പാലിച്ചില്ല എന്ന കാരണത്താൽ അപ്പീലും റിവിഷൻ ഹർജിയും നിരസിയ്ക്കപ്പെട്ടു.

ii) സർക്കാരിന്റെ 23-08-2024 -ലെ സ.ഉ(കൈ)നം.106/2024/GEDN ഉത്തരവ് പ്രകാരം 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് റിവൈസ് ചെയ്ത് പാർട്ട് ടൈം ജൂനിയർ അറബിക് തസ്തിക അനുവദിച്ചു. ഇപ്രകാരം ശ്രീമതി.അൽഫിയയെ നിയമിച്ച ഒഴിവ് സ്ഥാപിതമായി. 06-02-2021-ലെ 04/2021/പൊ.വി.വ ഉത്തരവ് പ്രകാരം പരാതിക്കാരിക്ക് സമാനമായി 2016-17 മുതൽ 2019-20 വരെ വർഷങ്ങളിൽ അനുവദിച്ച അധിക തസ്തികയിൽ നിയമിച്ചിരുന്ന അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുവാൻ സർക്കാർ നിർദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് സമാനമായി ശ്രീമതി.അൽഫിയയുടെ നിയമനം അംഗീകരിക്കുന്നതിനായി 06-02-2021 ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഡിക്ലറേഷൻ സമർപ്പിച്ച് ബഹു സുപ്രീംകോടതിയുടെ ഫൈനൽ ഉത്തരവിനു വിധേയമായി സംരക്ഷിത അദ്ധ്യാപകരെ സ്വീകരിക്കുന്നതാണ്. ഇതിന് പുറമെ 2026-27 വർഷം സ്റ്റാൻഡേർഡ് V ഒരു അധിക ഡിവിഷൻ ലഭിക്കുന്നതിനുള്ള കുട്ടികൾ ലഭിക്കുമെന്ന് ഉറപ്പായിട്ടുണ്ട്. ഇപ്രകാരം സ്റ്റാൻഡേർഡ് V ൽ ഉണ്ടാകുന്ന അധിക ഡിവിഷൻ തസ്തിക ശ്രീമതി.അൽഫിയ.എസ്.എൻ.-ന്റെ നിയമനാംഗീകാരത്തിനായി വിട്ടുനൽകാമെന്ന് മാനേജർ സമ്മതിച്ചിട്ടുണ്ട്. 18-07-2023-ലെ G.O(MS) No.101/2023/G.Edn ഉത്തരവ് പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുവാനായി തസ്തിക മാറ്റി വക്കുന്ന മുറക്ക് നിയമനാംഗീകാരമാകാതെ പെൻഡിംഗിലുള്ള നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിക്കാവുന്നതാണ്. ഇപ്രകാരം മാനേജർ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുവാനായി തസ്തിക മാറ്റി വക്കുന്ന മുറക്ക് പരാതിക്കാരിയുടെ 03-10-2023 മുതലുള്ള ജൂനിയർ അറബിക് പാർട്ട്ടൈം തസ്തികയിലെ നിയമനം അംഗീകരിക്കുവാൻ കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദേശം നല്കണമെന്ന് അപേക്ഷിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.</u>

കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അധികാര പരിധിയിലുള്ള വെള്ളല്ലൂർ വി.യു.പി. എസിൽ പാർട്ട് ടൈം ജൂനിയർ അറബിക് അദ്ധ്യാപികയായി ജോലി ചെയ്യുന്ന ശ്രീമതി. ആൽഫിയ.എസ്.എൻ-ന്റെ നിയമന അംഗീകാരത്തിനായി സമർപ്പിച്ച പ്രോപ്പോസൽ പരിശോധിച്ചതിൽ ടി സ്കൂളിൽ 2023-24 വർഷം അനുവദിച്ച അധിക തസ്തികയിലാണ് ശ്രീമതി ആൽഫിയ എസ്.എൻ നെ 03-10-2023 മുതൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) ആയി നിയമിച്ചിരിക്കുന്നത്. എന്നാൽ ഈ നിയമനത്തിൽ 1:1 അനുപാതം പാലിച്ചിട്ടില്ല. 23.01.2023-ലെ ജി.ഒ(പി) നമ്പർ.2/2023/പൊ.വി.വ ഉത്തരവ് പ്രകാരം, 6/2/2021-ലെ സ.ഉ(പി)നം.4/2021/പൊ.വി.വ ഉത്തരവിലെ നിർദേശം അനുസരിച്ച് സത്യപ്രസ്താവന

നൽകി നിയമനങ്ങൾ അംഗീകരിച്ചിട്ടുള്ള സ്കൂളുകളിൽ 2019-2020 ന് ശേഷം ഉണ്ടാകുന്ന അധിക തസ്തികകൾ ഒഴികെയുള്ള റഗുലർ ഒഴിവുകളിൽ ചട്ടപ്രകാരം നടത്തുന്ന നിയമനങ്ങൾ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ അംഗീകാരം നൽകാൻ നിർദേശം നൽകിയിരുന്നു. 2019-2020-ന് ശേഷം ഉണ്ടായ അധിക തസ്തികകളിൽ കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7 (2) പ്രകാരം നിയമനങ്ങൾ നടത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ആയത് പ്രകാരം അധിക തസ്തികകളിൽ 1:1 അനുപാതം പാലിക്കേണ്ടതുണ്ട്. അത് പ്രകാരം ആദ്യ തസ്തിക സർക്കാരിലേക്ക് വിട്ടു നല്കേണ്ടതുണ്ട്. മാനേജർ അപ്രകാരം പാലിച്ചിട്ടില്ല. ശ്രീമതി ആൽഫിയ എസ്.എൻ. നെ നിയമിച്ചിരിക്കുന്നത് 2019-2020-ന് ശേഷം ഉണ്ടായ അധിക തസ്തികയിലാണ്. മേൽ സാഹചര്യത്തിൽ ശ്രീമതി ആൽഫിയ എസ്.എൻ.-ന്റെ 03.10.2023 മുതലുള്ള പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) അദ്ധ്യാപികയായുള്ള നിയമനം കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ച് നൽകിയിരുന്നു. ശ്രീമതി ആൽഫിയ എസ്.എൻ നൽകിയ റിവിഷൻ പെറ്റിഷനുകൾ യഥാക്രമം 11/12/2025-ലെ നം.B1/882311/2025, 02/02/2026-ലെ എഫ്1/917762/2025/ഡിജിഇ നമ്പർ പ്രകാരം ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ഓഫീസർ, പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (അക്കാദമിക്) നടപടി ഉത്തരവിലൂടെ നിരസിച്ചു നൽകിയിരുന്നു.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. കിളിമാനൂർ ഉപജില്ലയുടെ പരിധിയിൽ വരുന്ന വെള്ളല്ലൂർ വി.യു.പി സ്കൂളിലെ 2023-24 വർഷത്തെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അറബിക് (യു.പി) അധിക തസ്തികയിലേയ്ക്ക് ഹർജിക്കാരിയായ ശ്രീമതി.അൽഫിയ.എസ്.എൻ-നെ മാനേജർ 03/10/2023 മുതൽ നിയമിച്ചു. 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാൽ നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു. KER CHAPTER 14 A RULE 7(2) പ്രകാരം അധികതസ്തികയിലെ നിയമനങ്ങൾ 1:1 അനുപാതം പാലിച്ചു സംരക്ഷിത അധ്യാപകരുടെ തസ്തിക മാനേജർ സർക്കാരിലേക്ക് വിട്ടു നൽകേണ്ടതുണ്ട്. 2016-17 മുതൽ 2019-20 വരെ സൃഷ്ടിക്കപ്പെട്ട അധിക തസ്തികയിലെ നിയമനങ്ങൾക്ക് മാത്രമാണ് 6/2/2021 -ലെ GO(P) 4/2021/G.Edn പ്രകാരം ഇളവ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശ്വതി കെ
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കിളിമാനൂർ
മാനേജർ, വി.യു.പി.എസ്. വെള്ളല്ലൂർ, കിളിമാനൂർ, തിരുവനന്തപുരം.
ശ്രീമതി.ആൽഫിയ എസ്.എൻ, പാർട്ട് ടൈം ജൂനിയർ അറബിക് ടീച്ചർ, വി.യു.പി.എസ്. വെള്ളല്ലൂർ, കിളിമാനൂർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 16-06-2026 14:27:47
സെക്ഷൻ ഓഫീസർ